(Pages : 4) **K – 1334**

Reg. No. : ..............................

Name : ..................................

**Fourth Semester M.A. Degree Examination, December 2020**

**(SDE)**

**Malayalam Language and Literature**

**MLD 244 — ഭാരതീയസാഹിത്യം താരതമ്യപഠനം**

**(2017 Admission Onwards)**

Time : 3 Hours Max. Marks : 75

I. ഈരണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) വിലയിരുത്തലിലല്ല വിവേചനത്തിലാണ് താരതമ്യഗവേഷകർ കൂടുതൽ താല്പര്യം കാണിക്കേണ്ടത് - കാരണം എന്ത്?

അല്ലെങ്കിൽ

(b) വിശ്വസാഹിത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

2. (a) ഏറ്റവും നിർദ്ദോഷമായ സ്വാധീനതാ വ്യാപാരമാണ് വിവർത്തനം എന്നു പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) ദേശീയസാഹിത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്?

3. (a) നാനാത്വങ്ങളുടെ സമന്വയമാണ് ഭാരതീയസാഹിത്യം എന്നു പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) രൂപനിഷ്ഠമായ താരതമ്യസാഹിത്യപഠനത്തിന്റെ പ്രസക്തി എന്ത്?

4. (a) ഭക്തിപ്രസ്ഥാനം ഭാരതീയസാഹിത്യത്തിൽ - ഈ വിഷയത്തിന്റെ താരതമ്യസാഹിത്യ പ്രസക്തി എന്ത്?

അല്ലെങ്കിൽ

(b) താരതമ്യപഠനത്തിൽ പ്രമേയത്തിനുള്ള പ്രസക്തി എന്ത്?

5. (a) മലയാളത്തിലെ വിലാപകാവ്യപ്രസ്ഥാനവും പാശ്ചാത്യവിലാപകാവ്യങ്ങളും ഒരു താരതമ്യപഠനത്തിന് സാധ്യത നൽകുന്നുണ്ടോ?

അല്ലെങ്കിൽ

(b) കാളിദാസന്റെ അഭിജ്ഞാനശാകുന്തളവും ഷേക്സ്പിയറുടെ ടെമ്പസ്റ്റ് എന്ന നാടകവും താരതമ്യം ചെയ്യുക.

6. (a) സി.വി. രാമൻപിള്ളയുടെ നോവലിലെ സുഭദ്ര എന്ന കഥാപാത്രത്തെ ദുർഗേശനന്ദിനിയിലെ വിമലയുമായി താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

(b) മാർത്താണ്ഡവർമ്മയിലെ യുവരാജാവിനെയും ദുർഗേശനന്ദിനിയിലെ ജഗത്സിംഹനെയും താരതമ്യം ചെയ്യുക.

(a) പശ്ചാത്തല വർണ്ണനകളുടെ കാര്യത്തിൽ മാർത്താണ്ഡവർമ്മ, ദുർഗേശനന്ദിനി എന്നീ നോവലുകളെ താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

(b) ഇതിവൃത്തം കഥാപാത്രസൃഷ്ടി എന്നീ വിഷയങ്ങളിൽ ദുർഗേശനന്ദിനി, മാർത്താണ്ഡവർമ്മ എന്നീ നോവലുകൾ താരതമ്യപ്പെടുന്നുണ്ടോ? പരിശോധിക്കുക.

**(7 × 3 = 21 Marks)**

II. നന്നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) പ്രത്യക്ഷസ്വാധീനത എന്നാലെന്ത്? ഉദാഹരണസഹിതം വിശദമാക്കുക.

അല്ലെങ്കിൽ

(b) ദേശഭാഷാസംസ്കൃതികൾക്കപ്പുറത്താണ് വിശ്വസാഹിത്യം എന്ന സങ്കൽപ്പം നിലകൊള്ളുന്നത്. വിശദീകരിക്കുക.

2. (a) രബീന്ദ്രനാഥ ടാഗോറിനു മുൻപുള്ള ബംഗാളീനോവൽസാഹിത്യം പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) ബിഭൂതിഭൂഷൻ ബാനർജിക്ക് ബംഗാളി നോവൽ സാഹിത്യത്തിലുള്ള സ്ഥാനം എന്ത്?

3. (a) സി.ആർ. ദാസിന്റെ സാഗരസംഗീതവും ജി. ശങ്കരക്കുറുപ്പിന്റെ സാഗരഗീതവും തമ്മിലുള്ള സാമ്യം പരിശോധിക്കുക.

അല്ലെങ്കിൽ

(b) സാഗരസംഗീതവും സാഗരഗീതവും തമ്മിലുള്ള മിസ്റ്റിക് സമാനത വിശദമാക്കുക.

(a) ദുർഗേശനന്ദിനി, മാർത്താണ്ഡവർമ്മ എന്നീ നോവലുകളുടെ തുടക്കം താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

(b) ദേശീയതയാണ് വള്ളത്തോൾ, സുബ്രഹ്മണ്യഭാരതി എന്നിവരുടെ കവിതകളു[ടെ] താരതമ്യത്തിന് നിദാനം - പരിശോധിക്കുക.

(a) കാളിദാസകൃതികൾ മലയാളസാഹിത്യത്തെ എങ്ങനെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്?

അല്ലെങ്കിൽ

b) സ്വാധീനത എന്നാലെന്ത്? വിവിധതരം സ്വാധീനതകളെ ഉദാഹരണസഹി[തം] പരിചയപ്പെടുത്തുക.

**(5 × 6 = 30 Mar[ks])**

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) താരതമ്യസാഹിത്യം എന്നാലെന്ത്? അതു നിർമ്മിക്കുന്ന സാംസ്കാരികവിനിമയത്തിന്റെ പ്രാധാന്യം എന്ത്?

അല്ലെങ്കിൽ

(b) ആദ്യകാല ചരിത്രാഖ്യായികകൾ ഒരർത്ഥത്തിൽ ദേശചരിത്രനിർമ്മിതികൂടിയായിരുന്നു - ബംഗാളിമലയാളസാഹിത്യത്തെ മുൻനിർത്തി പരിശോധിക്കുക.

2. (a) ദുർഗേശനന്ദിനി, മാർത്താണ്ഡവർമ്മ എന്നീ ചരിത്രാഖ്യായികകളെ താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

(b) ഇതിവൃത്തഘടന, കഥാപാത്രസൃഷ്ടി എന്നീ വിഷയങ്ങളിൽ ദുർഗേശനന്ദിനി, മാർത്താണ്ഡവർമ്മ എന്നീ നോവലുകൾ ഏറെ സാമ്യം പുലർത്തുന്നുണ്ട്. ചർച്ച ചെയ്യുക.

(a) ഇൻഡ്യൻ പ്രാദേശികഭാഷകളിലെ നോവലുകളുടെ താരതമ്യപഠനസാധ്യതകൾ അന്വേഷിക്കുക.

അല്ലെങ്കിൽ

(b) മധ്യകാലഘട്ടത്തിലെ ആക്രമണോത്സുകതയുടെയും പകവീട്ടലിന്റെയും അധികാര മത്സരങ്ങളുടെയും കഥ പറയുന്നതിനാണ് നമ്മുടെ ചരിത്രാഖ്യായികാരചയിതാക്കൾ ശ്രമിച്ചിട്ടുള്ളത്. - ചർച്ച ചെയ്യുക.

**(3 × 8 = 24 Marks)**

---